

THURSDAY 16/01/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/01/2025

1. കേരള അഗ്രോ ബി സിനസ് കമ്പനി, കേന്ദ്രഭക്ഷ്യസം സ്കരണ വ്യവസായ മന്ത്രാലയം, അസോച്ചം തുടങ്ങിയവയുടെ സംയുക്താഭിമുഖ്യത്തിൽ നടക്കു ന്ന കാർഷിക വികസന ഭക്ഷ്യസം സ്കരണ സമ്മേളനവും പ്രദർശനവും 17, 18 തീയതികളിൽ വെള്ളാനിക്കര കാർഷിക സർവകലാശാലയിൽ നടക്കും. സമ്മേളനം 17- ന് രാവിലെ 11-ന് മന്ത്രി പി. പ്രസാദ് ഉദ്ഘാടനം ചെയ്യും. മന്ത്രി കെ. രാജൻ അധ്യക്ഷത വഹിക്കും. അഗ്രി എം.എസ്.എം .ഇ.കൾ., അഗ്രി സ്റ്റാർട്ടപ്പുകൾ, കാർഷിക ഉത്പാദക സംഘടനകൾ എന്നിവയെ ശാക്തീകരിക്കു കയാണ് പരിപാടിയുടെ ലക്ഷ്യം. കാർഷിക ഭക്ഷ്യസംസ്കരണ മേഖലകളിലെ സംരംഭകർക്ക് സംസ്ഥാന തലത്തിൽ പ്ലാറ്റ്ഫോം ഉണ്ടാക്കുക. സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്നിവയും പരി പാടിയുടെ ലക്ഷ്യങ്ങളാണ്.

2. കാർഷിക മേഖലയിൽ ചെലവ് കുറഞ്ഞ രീതിയിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടി സംസ്ഥാന സർക്കാർ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് സബ് മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി - SMAM). ഈ പദ്ധതിയിൻ കീഴിൽ കാർഷിക യന്ത്രങ്ങളും ഉപകരണങ്ങളും, വിളവെടുപ്പാനന്തര, സംസ്കരണ, മൂല്യ വർദ്ധിത പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും യന്ത്രങ്ങളും സബ്സിഡിയോടെ നൽകി വരുന്നു. ഇതനുസരിച്ച് വ്യക്തിഗത ഗുണഭോക്താക്കൾക്ക് 40% മുതൽ 60% വരെയും കർഷകരുടെ കൂട്ടായ്മകൾ, SHG കൾ, FPO കൾ, വ്യക്തികൾ, പഞ്ചായത്തുകൾ തുടങ്ങിയവയ്ക്ക് കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ (കസ്റ്റം ഹയറിംഗ് സെൻ്ററുകൾ) സ്ഥാപിക്കുന്നതിന് പദ്ധതി തുകയുടെ 40% സാമ്പത്തിക സഹായവും, യന്ത്രവൽക്കരണ തോത് കുറവായ പ്രദേശങ്ങളിൽ യന്ത്രവൽക്കരണം പ്രോൽസാഹിപ്പിക്കുന്നതിന് ഫാം മെഷിനറി ബാങ്കുകൾ സ്ഥാപിക്കുന്നതിന് കർഷക ഗ്രൂപ്പുകൾക്ക് 10 ലക്ഷം രൂപയുടെ

പദ്ധതിക്ക് പരമാവധി 80% എന്ന നിരക്കിൽ 8 ലക്ഷം രൂപയും സാമ്പത്തിക സഹായം അനുവദിക്കുന്നു. 2024-2025 സാമ്പത്തിക വർഷത്തിലെ അപേക്ഷകൾ ഓൺലൈനായി 15/01/2025 മുതൽ http://agrimachinery.nic.in/index എന്ന വെബ് സൈറ്റ് മുഖേന നൽകാവുന്നതാണ്. പദ്ധതിയെക്കുറിച്ചുള്ള കൂടുതൽ വിവരങ്ങൾക്കും അപേക്ഷിക്കുന്നതിനുള്ള സഹായങ്ങൾക്കും ജില്ലകളിലെ കൃഷി അസിസ്റ്റൻ്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയവുമായോ, ആലപ്പുഴ, കോഴിക്കോട് എന്നിവിടങ്ങളിലെ കൃഷി എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ കാര്യാലയവുമായോ, സ്ഥലത്തെ കൃഷിഭവനുമായോ, 0471-2306748, 0477-2266084, 0495-2725354 എന്നീ ഫോൺ നമ്പറുകളിലോ, smamkerala@gmail.com എന്ന ഇ മെയിൽ മുഖേനയോ ബന്ധപ്പെടാവുന്നതാണ്.

## പരിശീലന പരിപാടി

3. കേരള കാർഷിക സർവകലാശാല ഫലവർഗ്ഗവേഷണ കേന്ദ്രം, വെള്ളാനിക്കരയിൽ വെച്ച് 'ഡ്രാഗൺ ഫ്രൂട്ടിന്റെ വിള പരിപാലനം' എന്ന വിഷയത്തിൽ 22.01.2025 ഒരു ദിവസത്തെ പരിശീലന പരിപാടി നടത്തുന്നതാണ്. പങ്കെടുക്കാൻ താല്പര്യമുള്ളവർ 9605612478എന്ന നമ്പറിൽ വിളിച്ച് 20.01.2025 തീയതിക്ക് മുമ്പായി രജിസ്റ്റർ ചെയ്യേണ്ടതും പരിശീലന ഫീസ് ആയ 1000/രൂപ ക്യു ആർ കോഡ് വഴി മാത്രം അടക്കേണ്ടതുമാണ്. പരിശീലനം വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് കേരള കാർഷിക സർവകലാശാലയുടെ പരിശീലന സർട്ടിഫിക്കറ്റ് നൽകുന്നതാണ്. ഏതെങ്കിലും കാരണത്താൽ പരിശീലനത്തിൽ പങ്കെടുക്കുവാൻ സാധിച്ചില്ലെങ്കിൽ അടച്ച തുക തിരികെ നൽകുന്നതല്ല.

4. കേരള കാർഷിക സർവകലാശാലയ്ക്ക് കീഴിൽ തൃശ്ശൂർ വെള്ളാനിക്കരയിൽ ഉള്ള കാർഷിക കോളേജ് 2024- 25 അധ്യയന വർഷത്തെ നാല് വർഷ ബി.എസ്.സി (ഓണേഴ്സ്) ഹോർട്ടികൾച്ചർ ബിരുദ പ്രോഗ്രാമിലെ ഒഴിവുള്ള സീറ്റുകളിലേക്ക് 17 .01 .2025ന് രാവിലെ 10.30 ന്സ്പോട്ട് അഡ്മിഷൻ

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നടത്തുന്നു. വിശദവിവരങ്ങൾക്ക് www.admissions.kau.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക അന്വേഷണങ്ങൾക്ക് 0487-243 8139 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

5. ക്ഷീരവികസന വകുപ്പിൻ്റെ കീഴിലുള്ള ഓച്ചിറ ക്ഷീരോൽപന്ന നിർമ്മാണ പരിശീലന വികസന കേന്ദ്രത്തിൽ വച്ച് 2025 ജനുവരി 20 മുതൽ 24 വരെ 5 ദിവസങ്ങളിലായി "ശാസ്ത്രീയ പശു പരിപാലനം" പരിശീലന പരിപാടി സംഘടിപ്പിച്ചിരിക്കുന്നു. താൽപ്പര്യമുള്ള ക്ഷീരകർഷകർക്ക് ഓച്ചിറ ക്ഷീരപരിശീലന കേന്ദ്രം മുഖേന നേരിട്ട് രജിസ്റ്റർ ചെയ്യാവുന്നതാണ്. കഴിഞ്ഞ 3 വർഷങ്ങളിലെപ്പോഴെങ്കിലും ഇതേ പരിശീലനത്തിൽ ഓഫ് ലൈൻ ആയി പങ്കെടുത്തിട്ടുള്ളവർക്ക് ഈ പരിശീലനത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പരിശീലനാർത്ഥികൾ 2025 ജനുവരി 18-ന് വൈകുന്നേരം 5 മണിക്ക് മുമ്പായി താഴെ കാണിച്ചിരിക്കുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ ബാങ്ക് പാസ്സ് ബുക്കിൻ്റെ പകർപ്പ് ഏതെങ്കിലും തിരിച്ചറിയൽ രേഖയുടെ പകർപ്പ് പരിശീലന ത്തിനെത്തുമ്പോൾ ഹാജരാക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20/ രൂപ.

6. റബ്ബർ ആക്ട് 1947' നിലവിൽ വന്നതിന്റെ പ്ലാറ്റിനം ജൂബിലിയാഘോഷങ്ങളുടെ സമാപനവും റബ്ബർകർഷകസമ്മേളനവും കേന്ദ്ര ഫിഷറീസ്, മൃഗസംരക്ഷണം, ക്ഷീര, ന്യൂനപക്ഷകാര്യവകുപ്പുകളുടെ ചുമതല വഹിക്കുന്ന സഹമന്ത്രി ജോർജ് കുര്യൻ 2025 ജനുവരി 16-ന് കോട്ടയത്ത് മാമ്മൻ മാപ്പിള ഹാളിൽ നടക്കുന്ന യോഗത്തിൽ വെച്ച് ഉദ്ഘാടനം ചെയ്യും. ലോകസഭാംഗം അഡ്വ. കെ. ഫ്രാൻസിസ് ജോർജ് അദ്ധ്യക്ഷത വഹിക്കുന്ന യോഗത്തിൽ നിയമസഭാംഗം തിരുവഞ്ചൂർ രാധാകൃഷ്ണൻ ചടങ്ങിൽ പങ്കെടുക്കും.